## മത്തായി 22, 41-46 ക്രിസ്തു ഈ വീടിന്റെ നാഥൻ

പള്ളിക്കൂദാശാക്കാലത്തിന്റെ അവസാനത്തെ ഞായറാഴ്ചയായ ഇന്ന് നാം ഈശോയുടെ രാജത്വത്തിരുനാൾ ആഘോഷിക്കുകയാണ്. മനുഷ്യാവതാരത്തിന്റെ ലക്ഷ്യം ഭൂമിയൽ ദൈവരാജ്യം സ്ഥാപിക്കുകയെന്നുള്ളതായിരുന്നല്ലോ. ഈ ദൈവരാജ്യത്തിലെ അംഗമായ എന്റെ രാജാവും രക്ഷകനുമാണ് ക്രിസ്തുവാകുന്ന സമാധാനത്തിന്റെ രാജാവ്. മത്തായി 1,1 യേശുവിനെ ദാവീതിന്റെ പുത്രനായി അവതരിപ്പിക്കുന്നു. മത്തായുടെ സുവിശേഷം തുടങ്ങുന്നത് അബ്രാഹത്തിന്റെ പുത്രനായ ദാവീതിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലി ഗ്രന്ഥം പ്രബോധനത്തോടെയാണ്. അബ്രാഹത്തോട് ദൈവം വാഗ്ദാനം ചെയ്ത രക്ഷ പൂർത്തിയാകുന്നത് യേശുക്രിസ്തുവിലൂടെയാണ്. തീർച്ചയായും ദാവീതിന്റെ വംശത്തിൽ പിറന്നതിനാൽ തന്നെ ക്രിസ്തു രാജവംശജനാണ്, രാജാവാണ്. വരാനിരിക്കുന്നരക്ഷകൻ ദാവീതിന്റെ പുത്രനായിരിക്കും എന്നതിനാൽ തന്നെ ക്രിസ്തു വലിയൊരു സാമ്രാജ്യത്തിന്റെ ഭരണകർത്താവും രാഷ്ട്രീയ വിമോചകനുമായിരിക്കുമെന്നാണ് യഹൂദർ വിശ്വസിച്ചിരുന്നത്. ഇതിനെല്ലാം വിപരീതമായിരുന്നു ക്രിസ്തുവിന്റെ ജനനവും, ജീവിതവും, നിലപാടുകളും.

തീർച്ചയായും ക്രിസ്തു ദൈവരാജ്യത്തിലെ രാജാവും, പാപബന്ധനങ്ങളിൽ നിന്ന് മനുഷ്യനെ വീടുക്കുവാൻ വന്ന വിമോചകനുമാണ്. അതിനാൽ തന്നെ ദൈവം പ്രവാചകന്മാരിലൂടെ വാഗ്ദാനം ചെയ്ത രക്ഷ സാധ്യമാകുന്നത് ക്രിസ്തുവിലൂടെ മാത്രമാണ്. ഈ രക്ഷകനെ തിരിച്ചറിയുക എന്നുള്ളതാണ് നമ്മുടെ കടമ. ഫരിസേയർക്കും യഹൂദർക്കും അവതരിച്ച രക്ഷകനെ തിരിച്ചറിയാൻ സാധിച്ചില്ല.

**1. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജാവാണ് ക്രിസ്തു.**

ലൂക്കാ 2,10 പറയുന്നു ഇതാ സകല ജനത്തിനും വേിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലർക്കുവേിയാണ് ക്രിസ്തു ജനിച്ചത്. ക്രസ്തുവാകുന്ന രാജാവിന്റെ ആഗമനോദ്ദേശ്യംതന്നെ എല്ലാ ജനപദങ്ങളെയും വീടുക്കുക എന്നുള്ളതായിരുന്നു. അതായത് സാർവത്രിക രക്ഷ ക്രിസ്തുവാകുന്ന രാജാവ് വിഭാവനം ചെയ്യുന്നു. അതിനാൽ ക്രിസ്തുവിലൂടെ എല്ലാവർക്കും വ്യത്യാസം കൂടാതെ രക്ഷ സാധ്യമാണ്. അത് ലഭിക്കണമെങ്കിൽ ഈ രാജാവ് നൽകുന്ന രക്ഷ തിരിച്ചറിയുവാൻ നമ്മുക്കാവണം. അരിയും സാധനങ്ങളും വീട്ടിൽ വാങ്ങിച്ചു വച്ചതുകൊ് മാത്രം വിശപ്പടങ്ങില്ലല്ലോ. അത് രുചിയായി പാകം ചെയ്ത് ഭക്ഷിക്കുവാൻ നമ്മുക്കാവണം. രക്ഷയുടെ വാതിൽ ക്രിസ്തുവാണ്. ആ വാതിലിലൂടെ പ്രവേശിക്കുവാൻ നാം തയ്യാറാവണം. രക്ഷയെന്നുപറയുന്നത് ക്രിസ്തുവിനെ എന്റെ രക്ഷകനും രാജാവുമായി അംഗീകരിക്കുന്നതാണ്. ക്രിസ്തു ഈ വീടിന്റെ നാഥൻ എന്ന് കട്ടളപ്പടിയിൽ എഴുതിവച്ചതുകൊോ, ഞങ്ങളുടെ കുടുംബത്തിൽ അങ്ങ് രാജാവായി വാഴണമേയെന്ന് തിരുഹൃദപ്രദിഷ്ഠാജപത്തിൽ പ്രാർത്ഥിച്ചതുകൊോ, അങ്ങയുടെ രാജ്യം വരണമെയെന്ന് ഈശോ പഠിപ്പിച്ച പ്രാർത്ഥനയിൽ ചൊല്ലുന്നുതുകൊോ ക്രിസ്തു എന്റെ രക്ഷകനും, നാഥനും, രാജാവുമാകുന്നില്ല...... മറിച്ച് ഹൃദയത്തിൽ അവനെ അംഗീകരിക്കുക.. രാജാവായി സ്വീകരിക്കുക. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, ആത്മാവോടും ശക്തിയോടും കൂടെ നീ സ്നേഹിക്കണം എന്ന് പറയുന്നതിന്റെ അർത്ഥവും ഇതുതന്നെ.. (ലൂക്കാ, 10, 27).

**2. ആയുധം കൊല്ല മറിച്ച് സ്നേഹംകൊ് യുദ്ധംചെയ്യുന്നവനാണ് ക്രിസ്തു**

ക്രിസ്തുവിന്റെ രാജ്യത്തിൽ അവൻ യുദ്ധം ചെയ്തത് സ്നേഹം കൊാണ്. ആയുധബലത്തിന്റെ ശക്തികാണിക്കാൻ വെമ്പൽക്കൊള്ളുന്ന ഈ ലോകത്ത് സ്നേഹത്തിന്റെ ശക്തികാണിച്ചുകൊടുക്കുവാൻ ക്രിസതുവിനെ രാജാവായ അംഗീകരിക്കുന്ന ക്രിസ്ത്യാനിക്കാവണം. പക്ഷ കഷ്ടം സ്നേഹമെന്ന മൂന്നക്ഷരം വിസ്മരിച്ച് യുദ്ധചെയ്യുന്നവരായി നാം മാറുന്നുവെന്ന് പലപ്പോഴും തോന്നിപ്പോകുന്നു. 1 കോറി. 14, 1 സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം.

**3. ജയിക്കുവാൻവേി തോറ്റുകൊടുത്ത രാജാവാണ് ക്രിസ്തു**

ജയിക്കണമെങ്കിൽ തോക്കണമെന്ന് പഠിപ്പിച്ചവനാണ് ഈ രാജാവ്. കഴിവോ, ആൾബലമോ ഇല്ലാഞ്ഞിട്ടല്ല അവൻ തോറ്റുകൊടുത്തത് മറിച്ച് സ്നേഹത്തിന് തോല്ക്കാനേ സാധിക്കൂ. 1 കോറി, 13, 5 സ്നേഹം വിദ്വേഷം വച്ചുപുലർത്തുന്നില്ല.

അതിനാൽ ക്രിസ്തുവിനെ രാജാവും രക്ഷകനുമായി അംഗീകരിച്ചാൽ രക്ഷലഭിക്കുമെന്നുള്ളത് തീർച്ചയാണ്. അവന് പിന്നെയല്ലാം ക്രിസ്തുവാണ്...അവന്റെ ഭാഷയും സംസാരവും പ്രവൃത്തികളും സ്നേഹത്തന്റെതുമായിരിക്കും...........

**ഫാ. ജോസഫ് കോയിക്കൽ**